പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 308

14.03.2017 - ലെ മറുപടിക്ക്

## വിദ്യാഭ്യാസ വായ്പാ കുടിശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിദ്യാഭ്യാസ വായ്പാ കുടിശിക വരുത്തിയതിനെ തുടർന്ന് കേരളത്തിലെ പാവപ്പെട്ട ആൾക്കാർക്ക് ജപ്തി നടപടി വന്നതിനെതിരെയും ബാങ്കുകാരുടെ പലവിധ പീഡനത്തിനുമെതിരെയും നിയമസഭയിൽ ഉന്നയിച്ച വിഷയത്തിന് കുടിശികയായവർക്കെതിരെ യാതൊരു നടപടിയും ഉണ്ടാകില്ലെന്ന് ബഹു. മുഖ്യമന്ത്രി 26.09.2016 ന് മറുപടി പറഞ്ഞതിന്റെയടിസ്ഥാനത്തിൽ ലോൺ എടുത്ത് കഷ്ടപ്പെടുന്നവരെ സഹായിയ്ക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; ഇല്ലെങ്കിൽ ഉത്തരവിറക്കി ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ നടപടി സ്വീകരിയ്ക്കുമോ; | (എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അവതരിപ്പിച്ച 2017-18 ലെ ബജറ്റ് പ്രസംഗത്തിൽ, വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവർക്ക് സംസ്ഥാന സർക്കാരിന്റെ സഹായത്തോടെ ജപ്തി നടപടികൾ ഒഴിവാക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുപ്രകാരം നിഷ്ക്രിയ ആസ്തിയായി (NPA) മാറിയ വായ്പാതുകയുടെ 60 ശതമാനം നൽകികൊണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്നതിന് സംസ്ഥാന സർക്കാർ സഹായിക്കുന്നതാണ്. ഇതുപോലെ തന്നെ മറ്റു വിദ്യാഭ്യാസ വായ്പ തിരിച്ചടവുകൾ കൃത്യമായി മുതലും പലിശയും തിരിച്ചടയ്ക്കുകയാണെങ്കിൽ പലിശയുടെ ഒരു ഭാഗം സർക്കാർ വഹിക്കുന്നതാണ്. ഈ സ്കീം വഴിയുള്ള ആനുകൂല്യത്തിന്റെ പരിധിയിൽപ്പെടുന്നവരെ സംബന്ധിച്ചും മറ്റും സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. |

(ബി) എങ്കിൽ ഏത് വർഷം മുതൽ, എത്ര തുക എടുത്ത വർക്കാണ് ഇത്തരം സംരക്ഷണം നൽകുന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ വിദ്യാഭ്യാസ വായ്പാ കുടിശികയുള്ള, നാളിതുവരെ ജോലി ലഭിയ്ക്കാത്ത എല്ലാവർക്കും ഗുണം ലഭിയ്ക്കുന്ന തരത്തിൽ ജപ്തി നടപടികൾ നിർത്തിവയ്ക്കാൻ ആവശ്യമായ ഉത്തരവുകൾ നൽകുമോ?

(സി) പഠനം കഴിഞ്ഞിറങ്ങുന്നവർക്ക് തൊഴിൽ ലഭിക്കുന്നതുവരെ വായ്പ തിരിച്ചടവിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട് എന്ന് കാട്ടി സർക്കാരിൽ ലഭിക്കുന്ന നിവേദനങ്ങളിൽ, അനുഭാവപൂർവ്വം പരിഗണിച്ച് വായ്പയിന്മേലുള്ള പലിശയും പിഴപ്പലിശയും പരമാവധി കുറവ് ചെയ്ത് കേസ് / റിക്കവറി നടപടികൾ നിർത്തിവച്ച് വായ്പ തിരിച്ചടയ്ക്കുവാൻ സാവകാശം നൽകണമെന്ന് സംസ്ഥാനതല ബാങ്കിംഗ് സമിതിക്കും ബന്ധപ്പെട്ട ബാങ്കുകൾക്കും നിർദ്ദേശം നൽകാറുണ്ട്.

Deep

സെക്ഷൻ ഓഫീസർ